നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ

51 [1627] ശ്രീ. എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് ജി.ഒ. (ആർ.റ്റി.) നമ്പർ 5/04/ഹോം തീയതി 1-1-2004 പ്രകാരം അനുവദിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ജി.ഒ. (ആർ.റ്റി.) നമ്പർ 5/04/ആഭ്യ. തീയതി 1-1-2004 പ്രകാരം നാഗാലാന്റിൽ സേവനമനുഷ്ഠിച്ച പോലീസ് ജീവനക്കാർക്ക് അനുവദിച്ച സാമ്പത്തിക ആനുകൂല്യങ്ങൾ എത്രയുംവേഗം ലഭ്യമാക്കുന്നതിന് പോലീസ് ഡയറക്ടർ ജനറലിന്റെ ഓഫീസിൽ നിന്നും യൂണിറ്റ് ആഫീസുകളിലേയ്ക്ക് നിർദ്ദേശങ്ങൾ നൽകുകയും ആയത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയുമാണ്.

സംസ്ഥാനത്തെ ഭീകര/തീവ്രവാദി പ്രവർത്തനം

52 [1628] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, ഡി. സുഗതൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭീകരരും-തീവ്രവാദികളും ഒളിഞ്ഞും തെളിഞ്ഞും പ്രവർത്തനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇക്കൂട്ടർ ഒളിത്താവളങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) സംസ്ഥാനത്തു നിന്നും യുവജനങ്ങളെ അന്യസംസ്ഥാനത്തു നടത്തുന്ന ഭീകരരുടെ ഒളിത്താവളങ്ങളിൽ കൊണ്ടുപോയി പരിശീലനം നൽകുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) അറിവായിട്ടില്ല.

(സി) റിപ്പോർട്ട് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly